<u>നിങ്ങളുടെ വിരലുകൾ അപസർപ്പകങ്ങളാവുന്നത്</u>

സ്വപക്ഷമുള്ളവന് വോട്ടുരച്ച് കര–
യോഗമാകെ ദൂരമളന്ന് നേടുക
പൈതൃകം നരച്ച വടവൃക്ഷ പെരുമയുടെ
ജൽപനമെത്രെ
കൂവിത്തെളിയിച്ച നിഷ്–
കാമ പരിഷകളുടെ
കോണകം തെളിവായി
കൊളുത്തിയത് അപവാദമെത്രെ
കൊലപാതകക്കയറഴിക്കാനല്ല
തൂങ്ങി മരിപ്പിച്ചത്
കൊതിതീർത്ത മീനിന്റെ
നാറ്റം അകത്താവരുത്.
ആക്രോശങ്ങളേറ്റതാണ് ശവങ്ങൾ
ജീർണ്ണതയേറ്റ് വിറങ്ങലിച്ച്
അന്ത്യയാത്രക്ക്
തർക്കമില്ല, പിതാവേ ലേഖനമെഴുതുക
ജാതി നോക്കി രസീത് തരാം
അഴുകിയ ജഡത്തോട് പുലബന്ധമില്ല
താമസം വേണ്ട, അടുക്കള പൊളിച്ച്
കുട്ടാ, മണ്ണറ കെട്ടാം
ഇരുളുതങ്ങിയ പച്ച മരങ്ങൾക്കിടയിൽ
ചുവന്ന പൂക്കളടർന്നത് പിച്ചള വടികൊണ്ടല്ല
ചങ്കിലെ നേരിന്റെ കട പൊട്ടിയതെത്രെ സദാചാരം പ്രാപിച്ച കറുത്ത
കനലുകൾ മറന്ന്
വേദന പകുത്ത താളുകളിൽ
രക്തം നനഞ്ഞത് വായിക്കാനറിയാഞ്ഞിട്ട്
പ്രളയങ്ങൾക്ക് മായ്ക്കാനാവില്ല
കറവീണ ഉൾക്കിടിലങ്ങൾ
പ്രണയരസം ഛർദിക്കും
ആധുനിക യുവതെ, തലകുനിക്കുക
പണമുള്ളവന്റെ പിണം
വാരിവിയർത്ത രാഷ്ട്രീയത്തോട്
പൊതുജനമല്ല കഴുതകൾ
പന്തിരുകുലങ്ങൾ നിർഭയം നിഴലുകളെത്രെ
കൂട് ചിതറി വാലുമുളച്ചവർ
സത്രമാന്യരായി

കസേരക്കായി ഉടലുകൾ വിറ്റ്
ജനാധിപത്യം രൂപജയമെത്രെ
ദളിതന്റെ ഉണർവ്വിനെ, ഗാഥകളെ
പ്രാകിപ്പുകച്ച് പ്രേതങ്ങളാക്കി
തുപ്പലെറിയുന്നത് വരണ്ട വർഗ്ഗങ്ങളെത്രെ
റൊട്ടിക്കഷണങ്ങൾ കടിച്ചു പറിച്ച
കുരുന്നു വയറുകളോട്
വായ്ചമാത്ര, ദ്രോഹിയെത്തിരഞ്ഞ്
ആദരം ചൊല്ലട്ടെ
അഭിനവഭാരത ആൾക്കൂട്ടങ്ങളോട്
നേരുപറയട്ടെ
തല്ലിക്കൊല്ലുന്നതിന് സഹജരേ
വേഗം പേറ്റന്റ് നേടുക
ജാതിയെ കൊലക്കുകൊടുത്ത്
ചിന്തക്ക് തീ കൊളുത്തിയവരോട്
എന്റെയും നിന്റെയും
വായു നിണം പൂരകങ്ങളെത്രെ
ചോരയുടെ മയക്കുന്ന നിറമാണ്
കുങ്കുമപ്പൂവുകൾക്ക്
ചെവികളടച്ച താഴ്‌വരകൾക്ക്
വിഹ്വലത അലങ്കാരമെത്രെ
ഉറക്കപ്പറയരുത് അധികാരമാണ് സ്വാതന്ത്ര്യം
കാണുക അവ പതിച്ചു നൽകപ്പെട്ടതാണ്.
മൗനം വിദ്വാന് വ്രതമല്ല ആശ്വാസമാണിന്ന്
മാനവികത, നവസാംസ്ക്കാരികത ശീർഷാസനം ചെയ്യട്ടെ
കഴുവേറ്റുക ജനനിയെ മകളെ
കശക്കി വിഴുപ്പാക്കിയതിന്
കരയരുത്, തിരിനാളങ്ങൾ
കൊളുത്തി നമുക്ക് പ്രതീകങ്ങളാവാം
നീതിപേടകത്തിന് തുളകൾ വീണത്
മനസ്സാക്ഷിക്കറിയേണ്ട
തെളിവുകളാണ് നിയമത്തെ ഭരിക്കേണ്ടത്
ലോകം ജയിച്ച ലിഖിതഘടനയുടെ
താഴ് വേരറുക്കുക നിസ്സാരം
പറയാതെ വയ്യാ, രോഗികളും വൈദ്യരും
കുടിച്ച് വയറും തലയും വീർക്കട്ടെ
ഓഹരികൾ വിൽക്കുന്നത്
സാധുക്കളാണ്
നാടിന്റെ നികുതിവെട്ടിച്ച്
നഷ്ടത്തിൽ വിലപിക്കും ഭ്രാതാക്കളുണ്ട്

കുരുങ്ങിയ ശ്വാസമയക്കുക
ഇവിടെ ജീവവായു വിൽപ്പനക്കുണ്ട്
നാണിക്കുക സംസ്കൃതിയെ
പുകൾപെറ്റ നഗരമെ സാക്ഷി

വിഭജനത്തിൽ പതറിയിട്ടില്ല
നാടിനെ ഇന്നലെവരെ
ഒറ്റിക്കൊടുത്തിട്ടുമില്ല
കാലടിയിലെ മണ്ണൊലിച്ചതറിഞ്ഞില്ല
ഞങ്ങളിന്ന് അഭയാർത്ഥികളെത്രെ
അഹിംസയെ വീണ്ടും വെടിവെച്ച്
ചേരാനായങ്ങളെ ബലാൽസംഗം
ചെയ്ത് നാനാത്വത്തിൻ വസ്ത്രമുരിച്ച്
നിർദ്ദയം അട്ടഹസിക്കാം

പുതുചിത്രമെഴുതുകയാണ്
സൂത്രാഭിഷേകം ചെയ്ത ചിതൽമനുഷ്യർ
അഹോരാത്രം നേദിച്ച അഖണ്ഡതയുടെ
മാറ്റുരച്ചതിന് അഭിവാദ്യമെഴുതുക

നിന്റെ സ്വത്വമിന്ന് തിരയുക,
അതിര് കടക്കുന്നവരാരോ
ജനിച്ച മണ്ണിന്റെ വിലപേശലില്ല
നിറം നോക്കി പുറത്താക്കുക തന്നെ

തെരുവുകൾ കത്തുന്നത്
കടപ്പത്രങ്ങൾ എഴുതിത്തള്ളാനല്ല
നദീതടങ്ങൾ കോർത്തെടുത്ത സമ്പന്നതക്ക്
വേരും ശാഖയും പടർത്താനാണ്

സാമൂഹ്യമാധ്യമ വിചാരണകൾക്കിടക്ക് കേൾക്കുക
അപസർപ്പകങ്ങളാവുന്നത്
നിങ്ങളുടെ വിരലുകൾ
കരുതിയിരിക്കുക.